# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1989** **15/7/2016** -ൽ മറുപടിക്ക്

# ചാത്തന്നൂർ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.എസ്.ജയലാൽ | | ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ ആവശ്യത്തിലേക്കായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഇവ എന്നാരംഭിച്ചതാണെന്നും പദ്ധതിയുടെ പ്രയോജനം ആവശ്യകതയുമായി ബന്ധപ്പെടുത്തി വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | കല്ലുവാതുക്കൽ പഞ്ചായത്തിൽ കല്ലുവാതുക്കൽ-പാരിപ്പള്ളി പദ്ധതിയാണ് നിലവിലുള്ളത്. ഈ പദ്ധതി 1986-ൽ ആരംഭിച്ചതാണ്. നിലവിൽ ഈ പദ്ധതിയുടെ പ്രയോജനം ആവശ്യകതയുമായി ബന്ധപ്പെടുത്തുമ്പോൾ മൊത്തം ആവശ്യകതയുടെ ഏകദേശം 20% മാത്രമേ വരികയുള്ളൂ. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളേയും ആശ്രയിക്കുന്നുണ്ട്. പക്ഷേ, വേനൽക്കാലത്ത് ഈ കിണറുകൾ വറ്റിപ്പോകാറുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും, പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്കും ആവശ്യമായ ശുദ്ധജലത്തിന്റെ നാമമാത്രമായ അംശം പോലും പരിഹരിക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ചിട്ടുണ്ടോ; | (ബി) & (സി) | പാരിപ്പള്ളി ഇ.എസ്.ഐ മെഡിക്കൽ കോളേജിനു വേണ്ടി കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്നു. ജിക്ക മീനാട് കുടിവെള്ള പദ്ധതിയുടെ പൂതക്കുളം 14.10 ലക്ഷം ലിറ്റർ ടാങ്കിൽ നിന്നും ഇ.എസ്.ഐ മെഡിക്കൽ കോളേജിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് 7 ലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്യുന്ന പദ്ധതിക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി-യുടെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ |
| (സി) | എങ്കിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ശുദ്ധജലം ലഭ്യമാക്കുവാനുതകുന്ന അടിയന്തര നടപടി സ്വീകരിക്കുമോ? | | |

ചെയ്യാവുന്നതാണ്. കല്ലുവാതുക്കൽ, പാരിപ്പള്ളി, ചിറക്കര (ഭാഗികം) എന്നീ വില്ലേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് 17.84 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായി എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ